നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ സ്വീകാര്യമല്ലാത്ത വ്യവസ്ഥകൾ

*437 [459] ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഗവൺമെൻറ് എന്തു നടപടി എടുത്തു;

(ബി) സ്വീകരിച്ചു കൂടാത്ത വല്ല ശുപാർശയും അതിലുണ്ടായിരുന്നുവോ;

(സി) ഉണ്ടെങ്കിൽ എന്ത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി, സി) നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾക്ക് കാലതാമസം കാരണം പ്രസക്തി നഷ്ടപ്പെട്ടതിനാലും സംവരണ തത്വങ്ങൾ കാലഹരണപ്പെട്ട സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കരുതെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളതും കണക്കിലെടുത്തും പ്രസ്തുത ശുപാർശകൾ ഒന്നും തന്നെ നടപ്പിലാക്കേണ്ടതില്ലെന്നും ഉദ്യോഗസംവരണം സംബന്ധിച്ച പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പുതിയ ഒരു കമ്മീഷനെ നിയമിക്കുന്നതിനും നെട്ടൂർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ച ശേഷം സർക്കാർ സർവ്വീസിൽ വിവിധ സമുദായങ്ങൾക്കുള്ള പ്രാതിനിധ്യം സംബന്ധിച്ച് ഗവൺമെൻറ് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളെ ആസ്പദമാക്കി വിവിധ സംവരണ സമുദായങ്ങൾക്ക് നിലവിലുള്ള സംവരണ ശതമാനത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ

*438 [460] ശ്രീ. കെ. പി. വിശ്വനാഥൻ:

ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. കെ. സുകുമാരനുണ്ണി:

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ ഇപ്പോൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(ബി) കൂടുതലായി ഡിപ്പോകൾ തുറക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) എല്ലാ ജില്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലും ഡിപ്പോകൾ തുറക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാമോ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോകൾ നടത്തുന്നതിന് പ്രത്യേക ലൈസൻസികളേയും ഏജൻറുമാരേയും ആരാണ് നിശ്ചയിക്കുന്നത്;

LIBRARY ARCHIVES, Kerala Legislative Assembly

(ഇ) ഇവർക്ക് ഗവൺമെൻറ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര; അതിൻറെ വ്യവസ്ഥകൾ എങ്ങിനെയാണ്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ ഡിപ്പോകൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും കൂടാതെ ചേർത്തല, വെല്ലിംഗ്ടൺ ഐലൻറ് എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

(ബി) കോർപ്പറേഷന് സ്വന്തമായി കൂടുതൽ ഡിപ്പോകൾ തുറക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഇപ്പോൾ പൊതു വിതരണ സമ്പ്രദായത്തിൽ നൽകിവരുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ ഇവയ്ക്കു പുറമേ പയറു വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണകൾ, മുളക്, മല്ലി മുതലായവ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് ഗവൺമെൻറ് ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഓരോ ചില്ലറ വിൽപ്പന ശാലയെങ്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ സഹകരണത്തോടുകൂടി സ്വകാര്യ വ്യക്തികളുടേതായി തുറക്കാനാണ് തീരുമാനം. ആദ്യഘട്ടമായി 15 താലൂക്കുകളിൽ ഈ പദ്ധതി പരീക്ഷിച്ചു നോക്കാൻ ഉദ്ദേശിക്കുന്നു. തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്. അവർക്ക് 10,000 രൂപ വരെ ബാങ്കു വായ്പ ലഭിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുന്നതാണ്. വിതരണം ചെയ്യാനുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ന്യായമായ വിലയ്ക്ക് പ്രസ്തുത സ്വകാര്യ കടകൾക്ക് എത്തിച്ചു കൊടുക്കുന്നതാണ്.

(ഡി) കോർപ്പറേഷൻറെ ഡിപ്പോകൾ കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത്. ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള സ്വകാര്യ വ്യക്തികളെ താലൂക്കു സപ്ലൈ ആഫീസർമാരുടെ ശുപാർശയിൽമേൽ ബാങ്കുകളുടെ അംഗീകാരത്തോടു കൂടി നിശ്ചയിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

പോലീസുദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകൾ

*439 [462] ശ്രീ. ഒ. ലൂക്കോസ്:

ശ്രീ. ഈപ്പൻ കണ്ടക്കുടി:

ശ്രീ. പി. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ പോലീസ് ഉദ്ദ്യോഗസ്ഥൻമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly